മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇവിടെ ഈ പ്രശ്നം സഭ തുടങ്ങിയ ദിവസംമുതൽതന്നെ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരുന്നതാണ്. അടിയന്തരപ്രമേയം ഉന്നയിക്കുകയും അതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ മുന്നിൽ വരികയും ചെയ്തതുമാണ്. എന്നാൽ തൊട്ടടുത്ത ദിവസം ഇവിടെ സമരം നടക്കുന്ന സാഹചര്യത്തിൽ പുറത്തു നടക്കുന്ന സമരത്തിന്റെ പ്രശ്നത്തിൽ ചർച്ച നടത്താൻ ആരോഗ്യമന്ത്രി തയ്യാറാണെന്ന വിവരം ഈ സഭയിൽ 27-ാം തീയതി ഞാൻ അറിയിച്ചു. അതനുസരിച്ച് 27-നുതന്നെ ആരോഗ്യവകുപ്പുമന്ത്രി സമരസമിതിക്കാരെ വിളിച്ച് ചർച്ച നടത്തുകയും ചെയ്തു. ഇവിടെ ബഹുമാന്യനായ സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിൽ പ്രതിപക്ഷ നേതാക്കന്മാരുമായി ചർച്ച ചെയ്തതാണ്. ആ ഘട്ടത്തിൽ ആരോഗ്യമന്ത്രിയെയും കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി അങ്ങ് വിളിച്ചിരുന്നു. ആ ചർച്ചയിൽ ബഹുമാന്യനായ പാർലമെന്ററി കാര്യമന്ത്രിയും പങ്കെടുക്കുകയും ചെയ്തു. ഇത്തരം ഒരു വിഷയം അവസാനിപ്പിക്കാനുള്ള നിലപാടല്ല പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇവിടെ ഉയർന്നുവന്ന പ്രശ്നങ്ങൾ പരിശോധിച്ചാൽ ഏറ്റവും അവസാനം വലിയ തോതിൽ ബാക്കിനില്ക്കുന്നത് പരിയാരം മെഡിക്കൽ

കോളേജുമായി ബന്ധപ്പെട്ട പ്രശ്നത്തിലാണ്. പരിയാരം മെഡിക്കൽ കോളേജിൽ ഉന്നയിക്കപ്പെട്ട പ്രശ്നം, അവിടെ 100 കുട്ടികളെയാണ് പ്രവേശിപ്പിക്കുന്നതെങ്കിൽ 50 കുട്ടികളെ സർക്കാർ ലിസ്റ്റിൽ നിന്നാണ് എടുക്കേണ്ടത്. അതിൽ 20 കുട്ടികൾ 25,000/- രൂപ ഫീസ് നിരക്കിൽ പഠിക്കുന്നവരാണെങ്കിൽ 30 കുട്ടികളാണ് ഈ പറഞ്ഞ 2,50,000/- രൂപ ഫീസിൽ പഠിക്കുന്നത്. ഇങ്ങനെ പഠിക്കുന്ന 30 കുട്ടികളുടെ പ്രശ്നവുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിലൊരു സമരം നമ്മുടെ സഭാനടപടികൾ ആകെ അലങ്കോലപ്പെടുത്തുന്ന രീതിയിൽ നടത്താൻ പ്രതിപക്ഷം തയ്യാറായത്. ആ കാര്യത്തിൽ ഇവിടെ ബഹുമാന്യനായ മുൻമുഖ്യമന്ത്രിയോടുതന്നെ ഞാൻ വെളിപ്പെടുത്തിയതാണ്, പരിയാരം മെഡിക്കൽ കോളേജ് പെട്ടെന്നുതന്നെ സർക്കാർ ഏറ്റെടുക്കാൻ പോകുകയാണ്. ഏറ്റെടുക്കുന്നതോടെ സർക്കാർ നിലയാകും ആ കോളേജ്. മാത്രമല്ല അന്ന് ആ സമയം അദ്ദേഹം ഒരു കാര്യം അഭിപ്രായപ്പെടുകയുണ്ടായി. കൊച്ചിയിൽ ഞങ്ങൾ ഏറ്റെടുത്തപ്പോൾ പഴയ കുട്ടികൾക്ക് ഫീസിളവ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന്. ആ ഘട്ടത്തിലും പിന്നീടും ഞാൻ വ്യക്തമാക്കിയ കാര്യം, അത്തരമൊരു സാഹചര്യം വന്നാൽ ആ കുട്ടികൾക്ക് അധിക ബാധ്യതയില്ലാതിരിക്കാൻ ആവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ

ശ്രദ്ധിക്കും എന്നാണ്. ഈ തീരുമാനത്തിൽതന്നെയാണ് ഇപ്പോഴും സർക്കാർ നിൽക്കുന്നത്. ഇവിടെ വേറൊരു കാര്യം പറഞ്ഞിരുന്നത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്ന് തലവരിപ്പണവും മറ്റുമായി കോഴ വാങ്ങുന്ന രീതിയാണ്. അങ്ങനെ കോഴ വാങ്ങുന്നതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷിക്കുമെന്ന് ഈ സഭയിൽ തന്നെ ഞാൻ പറഞ്ഞതാണ്. ഇന്ന് അങ്ങയുടെ മുന്നിൽ ചർച്ച ചെയ്യുമ്പോൾ പഴയ ആഭ്യന്തരമന്ത്രികൂടിയായ പ്രതിപക്ഷ നേതാവ് പറഞ്ഞത് ഈ പ്രശ്നം വിജിലൻസ് അന്വേഷിക്കുന്നത് പ്രായോഗികമാവുമെന്നു തോന്നുന്നില്ല. ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതായിരിക്കും നന്നാകുക എന്ന്. എനിക്കതിൽ തർക്കിക്കേണ്ട കാര്യമില്ല. ഏത് ഏജൻസിയെക്കൊണ്ടും അന്വേഷിപ്പിക്കാം. അതിന് യാതൊരു തടസ്സവുമില്ല. ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കാമെന്നും പറഞ്ഞു. ഇപ്പോൾ എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നമ്മുടെ സമൂഹത്തിന് ആകെ അറിയാവുന്ന കാര്യമാണ്. രണ്ട് മെഡിക്കൽ കോളേജുകൾ തെറ്റായ പ്രവേശനരീതി സ്വീകരിച്ചപ്പോൾ ആ രണ്ട് കോളേജുകളുടെയും പ്രവേശനനടപടികൾ ആകെ റദ്ദാക്കുന്ന നടപടിയിലേയ്ക്ക് ജെയിംസ് കമ്മിറ്റി പോയിരിക്കുകയാണ്. ഇതാണ് സർക്കാരിന്റെ നിലപാട്.

ഇവിടെ ഏതെല്ലാം വഴിവിട്ട നടപടികൾ നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയമെഡിക്കൽ കോളേജുകളിൽ ചിലത് സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു കോളേജിനെതിരെ എന്തെങ്കിലും സ്വീകരിക്കാൻ ഇതിനുമുമ്പ് കഴിഞ്ഞിരുന്നോ? കഴിഞ്ഞ നാലഞ്ചുവർഷത്തെ അനുഭവമല്ല ഇപ്പോൾ തുടക്കത്തിൽത്തന്നെ ഉണ്ടായിട്ടുള്ളത്. സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് കൃത്യമായ ലക്ഷ്മണരേഖയുണ്ട്. ആ രേഖയ്ക്ക് അപ്പുറത്തേ അവർക്ക് നിൽക്കാൻ സാധിക്കുകയുള്ളു. അത് ലംഘിച്ചുകൊണ്ടൊരു നിലപാട് സ്വീകരിക്കാൻ സാധിക്കുകയില്ല. ലംഘിച്ചാൽ കർക്കശമായ നടപടി സ്വീകരിക്കുമെന്ന കാര്യവും ഉറപ്പാണ്. അതുകൊണ്ടുതന്നെയാണ് നമ്മുടെ സമൂഹത്തിലെ ഈ പ്രശ്നത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിന് കക്ഷി വ്യത്യാസമെന്യേ വിദ്യാർത്ഥികളും രക്ഷകർത്താക്കളും ബഹുജനങ്ങളും പിന്തുണ നൽകുന്നത്. മുഖ്യമന്ത്രി യോഗം വിളിക്കുന്നില്ലെന്ന് ഇവിടെ പറയുകയുണ്ടായി. അങ്ങ് ഓർക്കുന്നുണ്ടാകും. അങ്ങയുടെ മുന്നിൽ വച്ചാണ് ഈ കാര്യത്തിൽ ഒരു ചർച്ച വേണമെന്ന് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടത്. കക്ഷിനേതാക്കന്മാരുടെ യോഗം നടക്കുന്ന സമയത്താണ് ഈ ആവശ്യം വന്നത്. അപ്പോൾതന്നെ ചർച്ച നടത്താമെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിലാണ് ആരോഗ്യ

വകുപ്പുമന്ത്രി ചർച്ച നടത്തിയത്. ആ ചർച്ചയിൽ ക്രിയാത്മകമായ രീതിയിലുള്ള പ്രതികരണമല്ല അന്ന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അതുകൊണ്ടാണ് ആ ചർച്ച അലസിയത്. അല്ലെങ്കിൽ ഇത്തരമൊരു സമരത്തിന്റെ ആവശ്യം വരുമായിരുന്നില്ല. മുഖ്യമന്ത്രി ചർച്ച നടത്തേണ്ട പ്രശ്നം, ഞാൻ ഇന്ന് അങ്ങയുടെ മുന്നിൽവച്ചുതന്നെ ചോദിച്ചു. ഇപ്പോൾ നമ്മൾ ഇവിടെയിരിക്കുകയാണ്. ഇനിയും മുഖ്യമന്ത്രിയെന്ന നിലയ്ക്ക് പ്രത്യേകം വിളിക്കണമെന്നുണ്ടോ; വേണമെങ്കിൽ വിളിക്കാമെന്നും പറഞ്ഞു. അപ്പോൾ അതിന്റെ ആവശ്യമില്ലെന്നാണ് പറഞ്ഞത്. അവർ ആവശ്യപ്പെട്ട സമയത്തൊക്കെ ചർച്ച നടത്താൻ സർക്കാർ തയ്യാറായിട്ടുണ്ട്. സർക്കാരിന് ഈ കാര്യത്തിൽ യാതൊരു തരത്തിലുള്ള പിടിവാശിയുമില്ല. ഒരു കാര്യത്തിൽ മാത്രമേ പിടിവാശിയുള്ളൂ. വിദ്യാർത്ഥികളുടെ താല്പര്യം സംരക്ഷിക്കപ്പെടണം. ആ കാര്യത്തിൽ നിർബന്ധമുണ്ട്.